ക്ഷേത്ര പരിസരത്ത് പ്രാഥമിക സൗകര്യം ഏർപ്പെടുത്തുവാൻ നടപടി

98 [1037] ശ്രീ. ജോർജ് ജെ. മാത്യു :
,, ടി. യു. രാധാകൃഷ്ണൻ :
,, എം. എം. ഹസ്സൻ :
,, എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് പത്മനാഭസ്വാമി ക്ഷേത്രം, ആറ്റുകാൽ ഭഗവതി ക്ഷേത്രം, ശ്രീകണ്ഠേശ്വരം ശിവക്ഷേത്രം എന്നിവിടങ്ങളിൽ ശരാശരി എത്ര ഭക്തന്മാരും സന്ദർശകരും പ്രതിദിനം എത്താറുണ്ട്;

(ബി) ഇവയ്ക്ക് ചുറ്റും അവിടെ എത്തിച്ചേരുന്നവർക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള എത്ര മൂത്രപ്പുരകളും കക്കൂസുകളും തിരുവനന്തപുരം സിറ്റി മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുണ്ട് ;

(സി) ഇതിനുള്ള സൗകര്യം ഒട്ടുമില്ലാത്തതുകൊണ്ടോ ഉള്ള സൗകര്യം മതിയാവാത്തതിനാലുമാണോ ഭക്തജനങ്ങൾ തുറസ്സായ സ്ഥലങ്ങൾ പ്രാഥമികാവശ്യം നിർവ്വഹിക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ സ്ഥലങ്ങളിൽ ആവശ്യത്തിന് പൊതുകക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കുവാൻ തിരുവനന്തപുരം കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ ക്ഷേത്രങ്ങൾക്ക് ചുറ്റുമുള്ള റോഡുകളിലെ മാലിന്യങ്ങൾ നീക്കുവാനാവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിൽ എത്തുന്ന ശരാശരി ഭക്തന്മാരും സന്ദർശകരും: 10000 പേർ, ആറ്റുകാൽ ഭഗവതി ക്ഷേത്രം - 5000 പേർ; ശ്രീകണ്ഠേശ്വരം ശിവക്ഷേത്രം - 600 പേർ.

(ബി) തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രം - കക്കൂസ്-20, മൂത്രപ്പുര-10. ആറ്റുകാൽ ഭഗവതി ക്ഷേത്ര പരിസരത്ത് തിരുവനന്തപുരം കോർപ്പറേഷൻ ഇവ സ്ഥാപിച്ചിട്ടില്ല. എന്നാൽ ക്ഷേത്ര ട്രസ്റ്റിന്റെ വകയായി 18 ലാട്രിൻ ഉണ്ട്. ശ്രീകണ്ഠേശ്വരം ക്ഷേത്രം - സമീപത്ത് നഗരസഭയുടെ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഉണ്ട്. ലാട്രിൻ-15, ബാത്ത്റും-5.

(സി) നിലവിലുള്ള സൗകര്യം പര്യാപ്തമാണ്. എന്നാൽ പത്മനാഭസ്വാമി ക്ഷേത്രത്തിൽ വിശേഷ ദിവസങ്ങളിൽ കുറവ് അനുഭവപ്പെടുന്നുണ്ട്.

(ഡി) പരിഗണിക്കുന്നതാണ്.

(ഇ) ദിവസവും നീക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly